ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം കൃഷിക്കാരുടെ സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട വായ്പാ സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള കൃഷിക്കാർക്ക് ഏതൊക്കെ വായ്പാ സൗകര്യങ്ങളാണ് കൃഷിവകുപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവർക്ക് നാമമാത്രമായ വായ്പയേ ഇപ്പോൾ പൊതുമേഖലാ ബാങ്കുകൾ നൽകാറുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ പുരോഗതിയും കൃഷിക്കാരുടെ സാമ്പത്തിക വളർച്ചക്കുമായി ചെറുകിട വായ്പാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(സി) കൃഷിക്കാരുടെ ആവശ്യമനുസരിച്ച് ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി കൃഷിവകുപ്പ് സ്വീകരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ഈ കാര്യം ബന്ധപ്പെട്ട ബാങ്കുകളുടെ ഉത്തരവാദപ്പെട്ട പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിന് കൃഷിവകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

12 (* 68) പച്ചക്കറി കൃഷി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പച്ചക്കറി കൃഷി വികസിപ്പിച്ച് സ്വയംപര്യാപ്തത നേടാൻ ഉദ്ദേശമുണ്ടോ;

(ബി) പച്ചക്കറി കൃഷി കേരളത്തിൽ ഇപ്പോൾ ഏത് സ്ഥിതിയിലാണ്.

(സി) ഈ മേഖലയിൽ പര്യാപ്തത എന്നത്തേക്ക് കൈവരിക്കാം എന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) പച്ചക്കറികൾക്ക് അയൽ സംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കുന്നത് കൊണ്ട് അവയുടെ ഉൽപ്പാദന സ്ഥലങ്ങളിലുള്ളതിനെക്കാൾ പല

LIBRARY ARCHIVES Kerala Legislative Assembly

മടങ്ങ് വരുന്ന വില കേരളീയർ മാർക്കറ്റിൽ കൊടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തമിഴ്നാട്ടിലും മറ്റും അനുഭവപ്പെടുന്നു. കാലാവസ്ഥാ കെടുതിയാൽ ലോറിസമരവും പച്ചക്കറികളുടെ വില വീണ്ടും വർദ്ധിപ്പിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരളത്തിൽ പച്ചക്കറി ഉല്പാദനം ഗവൺമെന്റ് അവകാശപ്പെടുന്ന തോതിൽ നടക്കുന്നുണ്ടോ; എങ്കിൽ അയൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട കാരണങ്ങൾകൊണ്ടുമാത്രം കേരളത്തിൽ വിലവർദ്ധന ഉണ്ടാകുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) :

(എ) ഉണ്ട്.

(ബി) പച്ചക്കറിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 5.95 ലക്ഷം ൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു.

(സി) 2001-ാം ആണ്ട് ആകുമ്പോൾ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) പച്ചക്കറിക്ക് പൂർണ്ണമായും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുവെന്ന നിഗമനം ശരിയല്ല. സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം കുറവായിരുന്ന കാലഘട്ടത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി കൂടുതൽ വില നൽകി വാങ്ങേണ്ട അവസ്ഥ ഉപഭോക്താക്കൾക്കുണ്ടായിരുന്നു. എന്നാൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി മുഖേന നിലവിൽ വന്ന ഹരിത സംഘങ്ങളുടെ പ്രവർത്തനത്താൽ പച്ചക്കറികൾ സുലഭമായി ലഭിച്ചു തുടങ്ങിയതോടെ സ്ഥിതിക്ക് മാറ്റം വരുകയും പച്ചക്കറിയുടെ വില ഗണ്യമായതോതിൽ കുറയുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പ്രധാനമായും ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള വേനൽക്കാല പച്ചക്കറി കൃഷിയാണ് സംസ്ഥാനത്തുള്ളത്. ആഗസ്റ്റു മുതൽ ഒക്ടോബർ മാസം വരെയുള്ള കാലഘട്ടത്തിൽ ഉൽപാദനം കുറവായതിനാലും ഓണക്കാലത്ത് ആവശ്യം വർദ്ധിക്കുന്നതിനാലും അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി ഇറക്കുമതി ചെയ്യുന്നു. അതിനാൽ സ്വാഭാവികമായും വില വർദ്ധിക്കുകയും ചെയ്യുന്നു. വർഷം മുഴുവനും പച്ചക്കറിയുൽപാദിപ്പിക്കുവാനുള്ള പദ്ധതി ഇതിനു പരിഹാരമായി നടപ്പിലാക്കും.

13 (* 69) ശബരിമല ക്ഷേത്ര വികസനത്തിന് പദ്ധതി

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിന് സമർപ്പിച്ച ഹരിവരാസനം പദ്ധതിയിക്ക്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly